# സെന്റ് മേരീസ് L.P.സ്കൂൾ എഴുപ്പുറം

## സമഗ്ര വിദ്യാലയ വികസന രേഖ

## 2025-26

**ആമുഖം**

കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ശക്തിപ്പെടുത്തുക എന്നതും മുഴുവൻ കുട്ടികളും പൊതു വിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്തുക എന്നതും ലക്ഷ്യമിട്ടുകൊണ്ട് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് പടവുകൾ എന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

ഞങ്ങളുടെ ഈ സ്കൂളിനെ മികവിന്റെ കേന്ദ്രം ആക്കി മാറ്റുന്നതിന് വേണ്ടി അക്കാദമികവുംസാമൂഹികവും ഭൗതികവുമായ തലങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം

ആമുഖം

ലക്ഷ്യം

വിദ്യാലയത്തിന്റെ ചരിത്രം

നിലവിലെ അവസ്ഥാവിശകലനം

പദ്ധതിവിശകലനം

ഉപസംഹാരം

## വിദ്യാലയത്തിന്റെ ചരിത്രം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഒലിയപ്പുറം നടക്കാവ് ദേശീയപാതയ്ക്ക് സമീപമായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു .1949 ജൂൺ മാസം ആറാം തീയതി വിദ്യാലയം പ്രവർത്തനമാരംഭിച്ചു. നാട്ടിലെ പ്രധാന കുടുംബമായ മംഗലത്ത് ശ്രീ എം ഒ പൗലോസ് നൽകിയ 50 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് അമ്പാട്ടിൽ ശ്രീ എ ടി ഉതുപ്പ് മാനേജർ ആയി കൊണ്ട് ഈ വിദ്യാലയം പ്രവർത്തനം തുടങ്ങി .

## ലക്ഷ്യങ്ങൾ

വിദ്യാലയം ശാക്തീകരിക്കുക .

ഗുണനിലവാരമുള്ള സൗജന്യ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്തമാക്കുക.

സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുക .

പൊതു സമൂഹത്തെ വിദ്യാലയത്തോടു കൂടുതൽ അടുപ്പിക്കുക.

കുട്ടികളുടെ ഭാഷാശേഷിയും പ്രതികരണശേഷിയും ആത്മവിശ്വാസവും സർഗാത്മക കഴിവുകളും വികസിപ്പിക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക

# 2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| CLASS | BOY | GIRL | GENERAL | OBC | OEC | SC | ST | BPL | APL |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| I | 2 | 4 | 2 | 1 | 1 | 2 | 0 | 5 | 1 |
| II | 6 | 1 | 3 | 0 | 0 | 4 | 0 | 6 | 1 |
| III | 8 | 0 | 5 | 0 | 0 | 3 | 0 | 5 | 3 |
| IV | 7 | 4 | 7 | 2 | 1 | 1 | 0 | 10 | 1 |
| TOTAL | 23 | 9 | 17 | 3 | 2 | 10 | 0 | 26 | 6 |
| | | | | | | | | | |

## Pre-primary

| Boy | Girl | General | OBC | OEC | SC | ST | BPL | APL |
|---|---|---|---|---|---|---|---|---|
| 3 | 5 | 4 | 1 | 0 | 3 | 0 | 8 | 0 |

## 2025-26 പദ്ധതി വിശദാംശങ്ങൾ .

മേഖല : അക്കാദമികം

ഉപമേഖല :മാതൃഭാഷ പഠനം

**ലക്ഷ്യം**

കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തുക .

സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ കുട്ടികൾക്ക് അവസരം ഒരുക്കുക .

കുട്ടികളുടെ സർഗാത്മക വാസനകളുടെ അവതരണ വേദിയായി ബാലസഭകളെ മാറ്റുക .

കൂടുതൽ അറിയുവാനും ചിന്തിക്കുവാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുക.

വായനയിലുള്ള പിന്നോക്ക അവസ്ഥ പരിഹരിക്കുക .

കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക.

അടിസ്ഥാന ഭാഷാശേഷിവികസനം.

കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം.

സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

| പ്രവർത്തനം | | കാലം | ചുമതല |
|---|---|---|---|
| രചനാപതിപ്പ് | ഓരോ യൂണിറ്റിലെയും സർഗാത്മക രചന സാധ്യതകൾ ക്ലാസ് അധ്യാപകർ ലിസ്റ്റ് ചെയ്യുന്നു. അതിൻ പ്രകാരം | ജൂൺ -മാർച്ച് | Class teacher |

| | | | |
|---|---|---|---|
| | കുട്ടികളുടെ രചന പതിപ്പ് തയ്യാറാക്കുന്നു. | | |
| ബാലസഭ | ബാലസഭ നടത്തിപ്പ് ചുമതല പൂർണമായും കുട്ടികൾക്ക് നൽകുന്നു .ബാലസഭ അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നു | ജൂൺ -മാർച്ച് | srg |
| ഗ്രന്ഥശാല നവീകരണം | ഗ്രന്ഥ ശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുന്നു. പുസ്തകങ്ങൾ വർഗീകരിച്ചു ക്രമീകരിക്കുന്നു .<br>കുട്ടികളുടെ നേതൃത്വത്തിൽ വിതരണ രജിസ്റ്റർ തയ്യാറാക്കുന്നു . | ജൂൺ | Class teacher |

| | | | |
|---|---|---|---|
| | വായന മൂല തയ്യാറാക്കുന്നു. | | |
| ചുവരെഴുത്ത് | കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ കഥ -കവിത -ചിത്രം എന്നിവ ചുവരിൽ പ്രദർശിപ്പിക്കുന്നു | ജൂൺ -മാർച്ച് | Class teacher |
| സർഗ്ഗാത്മക അസംബ്ലി | വായന കുറിപ്പ് അവതരിപ്പിക്കുന്നു. കവിത ആലപിക്കുന്നു. പത്ര ക്വിസ് അവതരിപ്പിക്കുന്നു. അതാത് ദിവസത്തെ വാർത്തകൾ ക്ലാസ് അടിസ്ഥാനത്തി ിൽ വായിക്കുന്നു. നിർദിഷ്ട വിഷയങ്ങളെ ക്കുറിച്ച് ലഘു പ്രസംഗം അവതരിപ്പിക്കുന്ന. | ജൂൺ -മാർച്ച് | Class teacher |

| | | | |
|---|---|---|---|
| സർഗ്ഗ വേള | ആഴ്ചയിലൊരിക്കൽ ക്ലാസ് അടിസ്ഥാനത്തിൽ സർഗ്ഗ വേള നടത്തുന്നു .കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ അവതരിപ്പിക്കുന്നു. | ജൂൺ -മാർച്ച് | Class teacher |
| അക്ഷരക്കൂട്ടം | അസംബ്ലിയിൽ പ്രദർശിപ്പിക്കുന്ന അക്ഷരവും ചിഹ്നവും ചേർത്ത് വാക്കുകൾ വാക്യങ്ങൾ എന്നിവ എഴുതി തയ്യാറാക്കുന്നു. | ജൂൺ -മാർച്ച് | Class teacher |
| പറയാം എഴുതാം | ടീച്ചർ കഥ പറയുന്നു .കുട്ടികൾ അത് എഴുതി അവതരിപ്പിക്കുന്നു | ജൂൺ -മാർച്ച് | |
| വായിക്കാം വരയ്ക്കാം | കുട്ടികൾ പഠിച്ച കഥകളും പാട്ടുകളും ചിത്രീകരിക്കുന്നു | ജൂൺ -മാർച്ച് | |

| | | | |
|---|---|---|---|
| കവിപരിചയ ം | പാഠഭാഗത്തെ ആസ്പദമാക്കി കുട്ടികൾ പരിചയപ്പെടു ന്ന കവികളെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് അസംബ്ലിയിൽ അവതരിപ്പിക്കു ന്നു | ജൂൺ -മാർച്ച് | |

| | |
|---|---|
| 'ചങ്ങലവായന | ഗ്രൂപ്പ് തിരിഞ്ഞു കഥകൾ ഉറക്കെ വായിക്കുന്നു |
| | ഓരോ ദിവസവും നൽകുന്ന വിഷയം ആസ്പദമാക്കി കഥ' പാട്ട് എന്നിവ എഴുതി അവതരിപ്പിക്കുന്നു . |
| മധുരം മലയാളം | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള പരിശീലനം. |
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT |
| ഓർക്കാം അഭിമാനിക്കാം | സാഹിത്യകാരന്മാരെ അടുത്തറിയിൽ .ഓർമ്മദിനങ്ങൾ ആചരിക്കൽ . |

<u>മേഖല :അക്കാദമികം</u>

<u>ഉപമേഖല : ഇംഗ്ലീഷ്ഭാഷാപഠനം</u>

<u>ലക്ഷ്യം</u>

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക.

ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കുക

പ്രവർത്തനങ്ങൾ

| | |
|---|---|
| ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ മൂന്നുദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു |
| വർക്ക് ബുക്ക് | വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ബുക്ക് തയ്യാറാക്കുന്നു |
| ഇംഗ്ലീഷ് ബുള്ളറ്റിൻ | വിഷയം കേന്ദ്രീകരിച്ച് കുറിപ്പ് തയ്യാറാക്കുന്നു |
| ഇംഗ്ലീഷ് ക്വിസ് | ആഴ്ചയിൽ ഒരു ദിവസം അഞ്ചു ചോദ്യങ്ങൾ നൽകുന്നു .ഉത്തരം അവതരിപ്പിക്കാൻ നിശ്ചിത ദിവസവും നൽകുന്നു .വിജയികൾക്ക് സമ്മാനം നൽകുന്നു . |
| ഇംഗ്ലീഷ് ഫിലിം ഷോ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് കഥകൾ ഗെയിമുകൾ എന്നിവ പ്രദർശിപ്പിക്കുന്നു |
| ഇംഗ്ലീഷ് ലൈബ്രറി | ഇംഗ്ലീഷ് മാഗസിനുകൾ ,പത്രം ,ലഘുവായന പുസ്തകം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് ലൈബ്രറി ഒരുക്കുന്നു |
| ഇംഗ്ലീഷ് ഫെസ്റ്റ് | വ്യവഹാര രൂപങ്ങളുടെ അവതരണം |

| | |
|---|---|
| ഇംഗ്ലീഷ് ഡയറി | ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനുള്ള ശേഷി മെച്ചപ്പെടുത്തുന്നു |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രപഠനം

ലക്ഷ്യം

പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പിക്കുന്നതിനും. പരീക്ഷണനിരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ സ്വായത്തം ആക്കുന്നു .

ശാസ്ത്രീയ മനോഭാവം വളർത്തുന്നു .

ശാസ്ത്ര പഠനം രസകരമാക്കുന്നു.

കൃഷിയോട് ആഭിമുഖ്യം വളർത്തുന്നു .

പ്രകൃതിയെ അടുത്തറിയാൻ അവസരം ഉണ്ടാക്കുന്നു .

ആരോഗ്യമുള്ള ശരീരം പഠനത്തിന് ആവശ്യം.

നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.

പ്രവർത്തനങ്ങൾ

| | |
|---|---|
| ശാസ്ത്രമൂല | പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ ശാസ്ത്രപുസ്തകങ്ങൾ എന്നിവ ഉൾപ്പെട്ട ശാസ്ത്രം മൂല ഒരുക്കുന്നു |
| പരീക്ഷണ ശിൽപ്പശാല | ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിപ്പിക്കുന്നു |
| സയൻസ് ലൈബ്രറി | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ഉൾപ്പെടുത്തി |

| | |
|---|---|
| | ലൈബ്രറി ഒരുക്കുന്നു |
| ശാസ്ത്ര ക്വിസ് | ആഴ്ചയിൽ ഒരു ദിവസം ശാസ്ത്ര **ക്വിസ് അവതരിപ്പിക്കുന്നു** |
| ഫീൽഡ് ട്രിപ്പ് | മെഡിക്കൽ പ്രദർശനങ്ങൾ പൊതു സ്ഥാപനങ്ങൾ കൃഷി സ്ഥലങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ തയ്യാറാകുന്നു |
| മെഡിക്കൽ ക്യാമ്പ് | കുട്ടികൾക്കും രക്ഷിതാക്കൾക്കും വൈദ്യ പരിശോധന സാധ്യമാക്കുന്നു |
| പച്ചക്കറി തോട്ടം | കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു |
| ജൈവവൈവിധ്യ പാർക്ക് | സ്കൂളിൽ ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നു |
| പോഷകാഹാരപരിപോഷണ ം | എല്ലാ ദിവസവും പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു |
| എന്റെ ചെടി | ഓരോ കുട്ടിക്കും ഔഷധസസ്യം/ അലങ്കാര ചെടികൾ എന്നിവ നൽകുന്നു .അവയുടെ പരിപാലനം കുട്ടികൾ തന്നെ നടത്തുന്നു .വളർച്ച ഘട്ടങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു. |

| | |
|---|---|
| | |

മേഖല :അക്കാദമികം

ഉപമേഖല : ഗണിതം

**ലക്ഷ്യം**

ഗണിത പഠനം ആസ്വാദ്യകരമാക്കുന്നു .
കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും.

**പ്രവർത്തനങ്ങൾ**

| | |
|---|---|
| ഗണിത ലാബ് | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ലാബ് തയ്യാറാക്കുന്നു |
| ഗണിത കിറ്റ് | ഓരോ കുട്ടിക്കും ഗണിത പഠനത്തിന് ആവശ്യമായ വസ്തുക്കൾ അടങ്ങുന്ന കിറ്റ് തയ്യാറാക്കുന്നു |
| ഒറിഗാമി ശിൽപ്പശാല | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്ന വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു .അവയുടെ പ്രദർശനം നടത്തുന്നു. |
| വർക്ക് ഷീറ്റുകൾ | പ്രായോഗിക പ്രശ്നങ്ങൾ പാറ്റേണുകൾ ചതുഷ്ക്ലിയകൾ എന്നിവ ഉൾപ്പെടുന്ന വർക്ക് ഷീറ്റുകൾതയ്യാറാക്കുന്നു |
| ഗണിത ഗാലറി | ഗണിതവുമായി ബന്ധപ്പെട്ട വ്യക്തികൾ |

| | |
|---|---|
| | അവരുടെ ചരിത്രം കണ്ടുപിടുത്തങ്ങൾ പസിലുകൾ ജാമിതീയ പാറ്റേണുകൾ എന്നിവ ഉൾപ്പെടുത്തി ഗാലറി തയ്യാറാക്കുന്നു |
| ഗണിത ചെപ്പ് | ഗണിത കഥ ,പാട്ട് ,കണക്കിലെ കളികൾ, കുസൃതി കണക്കുകൾ ഇവയെല്ലാം ഉൾപ്പെടുന്ന ഒരു ഗണിതച്ചെപ്പ് തയ്യാറാക്കുക |
| പഠനോപകരണ നിർമ്മാണം | ഗണിത പഠനം രസകരവും എളുപ്പവും ഉള്ളതാക്കി തീർക്കാൻ ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. |

മേഖല :അക്കാദമികം

ഉപമേഖല : കലാകായിക വിദ്യാഭ്യാസം

**ലക്ഷ്യം**

കുട്ടികളുടെ ശാരീരികവും മാനസികവുമായി വളർച്ചയ്ക്ക് കലാപ്രവർത്തി പരിചയ മേഖലകൾ പരിചയപ്പെടുത്തുന്നു.

കലാവാസനകൾക്ക് പരിപോഷണം നൽകുന്നു .

കായിക പരിശീലനം കാര്യക്ഷമമാക്കുന്നു.

**പ്രവർത്തനങ്ങൾ**

കലാപരമായി പ്രാവീണ്യം നേടിയവരെ ഉൾപ്പെടുത്തി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു.

കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ സർഗ്ഗ വേള നടത്തുന്നു.

ആഴ്ചയിൽ രണ്ട് ദിവസം കായിക പരിശീലനം നൽകുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

ആഴ്ചയിൽ രണ്ട് ദിവസം യോഗ പരിശീലനം നടത്തുന്നു.

മേഖല :അക്കാദമികം

ഉപമേഖല : ഭിന്നശേഷി വികസനം

ലക്ഷ്യം .

ഭിന്നശേഷി വിദ്യാർഥികളുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന അവസരവും പങ്കാളിത്തവും ഉറപ്പാക്കുന്നു

**പ്രവർത്തനങ്ങൾ**

ഐസിടി സാധ്യത ഉപയോഗിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തുന്നു

പ്രത്യേക ടീച്ചിങ് മാനുവലും ആസൂത്രണവും നിർവഹിക്കുന്നു .

വിദ്യാലയങ്ങളിൽ നടത്തുന്ന കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു

*മേഖല : ഭൗതികം*

*സ്കൂൾ ആകർഷകമാക്കൽ .*

*സ്കൂൾ ക്യാമ്പസിനെ സുരക്ഷിതമാക്കൽ .*

*ആരോഗ്യ കായിക വിനോദ ഉപാധി ലഭ്യമാക്കുക.*

**<u>പ്രവർത്തനങ്ങൾ</u>**

| | |
|---|---|
| സ്കൂൾ കവാടം | ആകർഷണീയമായ വിധത്തിൽ സ്കൂൾ കവാടം സജ്ജമാക്കൽ |
| പാർക്ക് | കുട്ടികളുടെ പാർക്ക് വിദ്യാലയത്തിനോടനുബന്ധിച്ച് സൗകര്യപ്രദമായ സ്ഥലത്ത് കുട്ടികൾക്കായി പാർക്ക് നിർമ്മിക്കൽ. ഒപ്പം കളി ഉപകരണങ്ങൾ സജ്ജീകരിക്കുക |
| ഹൈടെക് ക്ലാസ് മുറികൾ | ഹൈടെക് ക്ലാസ് മുറികൾ -ആകർഷകമായ ക്ലാസ് മുറികൾ ഓരോ ക്ലാസിനും ലാപ്ടോപ്പ്. ഇന്റർനെറ്റ് കണക്ഷൻ ഒരുക്കൽ. |
| | പച്ചക്കറി തോട്ടം വിപുലീകരിക്കുക. ശിശു കേന്ദ്രീകൃത ക്ലാസ് മുറികൾ ഉപകരണങ്ങൾ എന്നിവ തയ്യാറാക്കുക |
| | |

**<u>മേഖല : സാമൂഹികം</u>**

**പൂർവ വിദ്യാർത്ഥി സംഗമം നടത്തുക .**

അമ്മ വായന നടത്തുന്നു .

വായനകുറിപ്പ് പ്രകാശനം ചെയുന്നു .

ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക .

ദിനാചരണങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ നടത്തുക .

## വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിച്ചിറങ്ങിയ ഈ സരസ്വതി ക്ഷേത്രം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിദ്യാർത്ഥികളുടെ കുറവാണ് .സമീപത്തിൽ കൂണുപോലെ മുളച്ചുപൊന്തുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ അവ നാട്ടുകാരിൽ ചെലുത്തുന്ന സ്വാധീനം അനുകരണ ഭ്രമം യാഥാർഥ്യം തിരിച്ചറിയാൻ കഴിയാത്ത സാംസ്കാരിക അന്ധത വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം തിരിച്ചറിയാത്ത, മൂല്യം അടിസ്ഥാനം ഇവ ഉൾക്കൊള്ളാത്ത ഒരു പൊതു സമൂഹം ഇവയെല്ലാം ഈ വിദ്യാലയത്തിന്റെ ഉയർച്ചയെ പിന്നോക്കം വലിക്കുന്നു.

അക്കാദമികം-- നേട്ടങ്ങൾ

പാഠ്യ വിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും കുട്ടികൾ കാഴ്ച വയ്ക്കുന്ന മികവുകൾ എടുത്തു പറയേണ്ടതാണ്. പ്രവർത്തി പരിചയ മേളയിലും കലാമേളകളിലും കുട്ടികൾ ഗ്രേഡുകൾ വാരി കൂട്ടിക്കൊണ്ടിരിക്കുന്നു .പ്രവേശനോത്സവം മുതൽ അധ്യയന വർഷ അവസാന വരെയുള്ള ഓരോ ദിനാചരണങ്ങളും ഭംഗിയായി ആഘോഷിക്കുന്നുണ്ട് .ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ഐടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു .കുട്ടികളിലെ സർഗ്ഗാത്മക വാസനകളെ ഉണർത്തുന്ന തരത്തിൽ അസംബ്ലി ഫലപ്രദമായി നടത്തുന്നു. നല്ല വായനയ്ക്കായി ഒന്നാം ക്ലാസ് മുതൽ ലൈബ്രറി ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ചിത്രകഥകൾ മുതൽ ഇംഗ്ലീഷ് കഥകൾ അടങ്ങിയ പുസ്തകങ്ങൾ വരെ ഇവിടെയുണ്ട് .

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയിരിക്കുന്ന ഈ വികസനരേഖ ഈ വിദ്യാലയത്തിന്റെ അക്കാദമികവും സാമൂഹികവും ഭൗതികവുമായ മേഖലകളിൽ വികസനം സാധ്യമാകും എന്നും അതുവഴി വിദ്യാർഥികളാൽ സമ്പുഷ്ടമായ ഒരു വിദ്യാലയം പടുത്തുയർത്തുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു